# കേര രക്ഷക്കായി തെങ്ങിന്റെ ചങ്ങാതിമാർ രംഗത്തിറങ്ങണം

കൊച്ചി: കനത്ത മഴമൂലം മലയോര മേഖലയിലെ കാസർഗോഡ്, കണ്ണൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ തെങ്ങിന്റെ കൂമ്പ് ചീയൽ രോഗം വ്യാപകമായിരിക്കുന്ന സാഹചര്യമാണിത്. രോഗബാധയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനായി ബോർഡ് ഈ ജില്ലകളിൽ പരിശീലനം നൽകിയ തെങ്ങിന്റെ ചങ്ങാതിമാരുടെ സഹകരണം തേടി. നാളികേര ബോർഡ് കേരളത്തിലാകമാനം 13,000ൽപരം ചങ്ങാതിമാരെ തെങ്ങുകയറ്റത്തോടൊപ്പം തെങ്ങുസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനായി മൂന്ന് വർഷത്തിനുള്ളിൽ സൗജന്യമായി പരിശീലിപ്പിച്ചിട്ടുണ്ട്. ഈ ചങ്ങാതിമാർ യുദ്ധകാലാടിസ്ഥാനത്തിൽ രംഗത്തിറങ്ങി രോഗബാധയ്ക്കെതിരെ ബോർഡോ മിശ്രിതം തളിയ്ക്കൽ , കൂമ്പ് ചെത്തി മാറ്റൽ തുടങ്ങിയ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസ് അഭ്യർത്ഥിച്ചു. നാളികേര വികസന ബോർഡ് നിഷ്കർഷിച്ചിട്ടുള്ള വേതനം മാത്രമേ കൈപ്പറ്റാവൂ എന്നും അദ്ദേഹം നിർദ്ദേശിച്ചു.